# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് ചികിത്സാധനസഹായം നൽകുക, അപകട മരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർക്ക് അടിയന്തിര ധനസഹായം നൽകുക, തൊഴിൽ കുഴപ്പം ഉണ്ടാകുമ്പോൾ ദുരിതത്തിലാകുന്ന തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ച് സഹായിക്കുക, തീപിടുത്തം, ഇടിമിന്നൽ, കടൽക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ചെറിയ തോതിൽ ധനസഹായം നൽകുക എന്നിങ്ങനെ അവശത അനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നതിന് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി.

## ഫണ്ട് സമാഹരണം

വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള സംഭാവന വഴിയാണ് ഇതിലേക്ക് ഫണ്ട് സ്വരൂപിക്കുന്നത്. കേരളത്തിലെ സർക്കാർ ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ, ബാങ്ക് - ഇൻഷ്വറൻസ് മേഖലകളിലെ ജീവനക്കാർ, വിദേശ മലയാളികൾ, വിവിധ സർവീസ് സംഘടനകൾ, വ്യവസായികൾ, കലാ-സാഹിത്യ രംഗത്തുള്ളവർ തുടങ്ങി സമസ്ത മേഖലകളിലുള്ളവർക്കും ഇതിലേക്ക് സംഭാവനകൾ നൽകാവുന്നതാണ്. ധനകാര്യ (ഫണ്ട്സ്) വകുപ്പ് സെക്രട്ടറിയുടെ പേരിൽ സംഭാവനകൾ ചെക്കായോ, ഡ്രാഫ്റ്റായോ നൽകാവുന്നതാണ്.

**" സംഭാവനകൾ കളക്ട്രേറ്റ്, താലൂക്കാഫീസ് എന്നിവിടങ്ങളിലും സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവനകൾക്ക് 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 80 ജി (2) (III എച്ച്.എഫ്) പ്രകാരം ഇൻകം ടാക്സിൽ 100% ഇളവിന് അർഹതയുണ്ട് ".**

## സംഭാവനകൾ അയയ്ക്കേണ്ട മേൽ വിലാസം

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം),
ട്രഷറർ , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി,
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ധനസഹായം ലഭിക്കുന്നതിനുള്ള അർഹത, അപേക്ഷ സമർപ്പിക്കേണ്ട രീതി, മറ്റു വിശദവിവരങ്ങൾ

### 1. അപേക്ഷയുടെ മാതൃക:

1) അപേക്ഷകന്റെ പേരും മേൽ വിലാസവും :
2) അത്യാഹിതം/അസുഖത്തിനിരയായ വ്യക്തിയും അപേക്ഷകനും തമ്മിലുള്ള ബന്ധം :
3) അത്യാഹിതം/അസുഖം സംഭവിച്ച ആൾ പ്രായ പൂർത്തിയായ ആളാണോ :
4) അപേക്ഷകന്റെ വയസും തൊഴിലും :
5) അത്യാഹിതത്തിന്റെ/അസുഖത്തിന്റെ സ്വഭാവം :
6) കുടുംബ വാർഷിക വരുമാനം :
7) ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും നഷ്ട പരിഹാരം/സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദവിവരം :

സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ സത്യമാണ്. മേൽ ആവശ്യത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഞാൻ സഹായധനമൊന്നും കൈപ്പറ്റിയിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

അപേക്ഷകന്റെ ഒപ്പും പേരും

തീയതി :

### 2. അപേക്ഷ സമർപ്പിക്കേണ്ട വിധം:

ദുരിതാശ്വാസ നിധിയിലേക്ക് സമർപ്പിക്കേണ്ട അപേക്ഷ (അപേക്ഷയുടെ മാതൃക ചുവടെ ചേർക്കുന്നു) വെള്ള കടലാസിൽ തയ്യാറാക്കി ആറുമാസ ത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകട മരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

### 3. ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം:

1) ചികിത്സാ സഹായം, അപകട മരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വായനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.

2) അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 100,000/-(ഒരുലക്ഷം രൂപ മാത്രം) രൂപയിൽ താഴെയായിരിക്കണം.

3) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.

4) ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

**4. ധനസഹായം വിതരണം ചെയ്യുന്ന രീതി :**

1) 2000 (രണ്ടായിരം) രൂപ വരെയുള്ള ധനസഹായം ജില്ലാകളക്ടറും അതിനു മുകളിലുള്ള ധനസഹായം സർക്കാരും അനുവദിച്ച് ഉത്തരവിറക്കുന്നു.

2) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാർ ഗുണഭോക്താവിന് നോട്ടീസ് നൽകി സംഖ്യ ക്യാഷ് ചെക്കായി വിതരണം ചെയ്യുന്നു.

3) പ്രസ്തുത നോട്ടീസ് ലഭ്യമാകുമ്പോൾ ഗുണഭോക്താവ് റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് (ഇവയുടെ അഭാവത്തിൽ മാത്രം വില്ലേജ് ഓഫീസറുടെ തിരിച്ചറിയൽ സർട്ടിഫിക്കറ്റ്) എന്നിവ സഹിതം ഹാജരാകേണ്ടതും ബന്ധപ്പെട്ട താലൂക്ക് ഓഫീസിൽ നിന്നും ചെക്ക് കൈപ്പറ്റേണ്ടതുമാണ്.

4) ധനസഹായം അനുവദിക്കപ്പെട്ട വ്യക്തി മരണപ്പെട്ടുവെങ്കിൽ ഭാര്യക്ക് അനുവദിച്ച തുക ഭർത്താവിനും ഭർത്താവിന് അനുവദിച്ച തുക ഭാര്യക്കും കൈപ്പറ്റാവുന്നതാണ്. മറ്റു സാഹചര്യങ്ങളിൽ തഹസിൽദാർമാർക്ക് ഉചിതമായ തീരുമാനങ്ങൾ എടുക്കാവുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട പരാതികൾ താഴെ കാണുന്ന വിലാസത്തിൽ സമർപ്പിക്കാവുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്,
സെക്രട്ടേറിയറ്റ്.
ഫോൺ: 0471 - 2518513
0471 - 2518487